A

# സമഗ്ര ശിക്ഷ, കേരളം

702

# വാർഷിക മൂല്യനിർണയം 2018-19

## മലയാളം

ക്ലാസ് : 7

## കേരളപാഠാവലി

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

തലേന്നു പെയ്ത മഴയിൽ നനഞ്ഞു കുതിർന്ന ഒരു കൊച്ചുപക്ഷി . അതിനരികിലായി ഒരു കുഞ്ഞു ചിലന്തിവല . സൂര്യൻ അവയ്ക്കു പിന്നിൽ ഉണരുകയാണ്. സൂര്യരശ്മി പക്ഷിക്കുഞ്ഞിനെ തൊട്ടു. അതൊന്നു ചിറകു കുടഞ്ഞു . അപ്പോൾ ചിലന്തിവല നിറയെ നക്ഷത്രങ്ങൾ പോലെ മഴത്തുള്ളികൾ. താഴെ പുൽപ്പരപ്പിൽ ഒരു കാട്ടുകോഴി ചിറകുവിടർത്തി മഴവില്ലു വിരിയിച്ചു.

മഴ പെയ്തു കുതിർന്ന ഭൂമിയിലേക്ക് ദിനങ്ങൾ കഴിഞ്ഞ് സൂര്യപ്രകാശത്തിന്റെ വരവൊന്നു ശ്രദ്ധിച്ചിട്ടുണ്ടോ. വൃക്ഷലതാദികൾക്കും, ജന്തുജാലങ്ങൾക്കുമൊക്കെ എന്ത് ആഹ്ലാദമായിരിക്കും. മഴവെള്ളത്തിൽ മുങ്ങിപ്പോയ പുൽക്കൊടികളൊക്കെ സൂര്യനെ ഒരുനോക്ക് കാണാനായി വെമ്പും. നിഴലുകളിൽ നിൽക്കുന്ന പുൽനാമ്പുകൾ വരെ തന്റെമേൽ ഒരു കീറ് പ്രകാശം വീഴുവാനായി പ്രാർത്ഥനാപൂർവം നിൽക്കുന്നതായി കാണാം. എവിടെയൊക്കെയോ ഒളിച്ചിരുന്ന പൂമ്പാറ്റകളും വണ്ടുകളും പൊടുന്നനെ ആ ഉത്സവഭൂമിയിലേക്ക് നൃത്തം ചെയ്ത് വന്നെത്തുകയായി. അപ്പോൾ പലവിധ വർണ്ണപ്പൂക്കൾ വിരിയിച്ച് ചെടികൾ അവയെ അരികിലേക്ക് ക്ഷണിക്കുന്നതായി കാണാം. പക്ഷികളുടെ സമ്പന്നത കൊണ്ടും സംഗീതക്കച്ചേരികൾ കൊണ്ടും ഉത്സവം കൊഴുക്കുകയായി . അപ്പോഴൊക്കെ മഴ, മേഘങ്ങൾക്കിടയിൽ ഒളിച്ചിരുന്നു ചിരിക്കുന്നതു കേൾക്കാം. ആകാശം കറുക്കുകയായി... മിന്നൽപ്പിണരുകൾ പായിച്ചും ശബ്ദകോലാഹലങ്ങളോടെയും മഴ വന്നെത്തുകയായി.

**(കാടിനെ ചെന്നു തൊടുമ്പോൾ - എൻ.എ.നസീർ)**

1. സൂര്യൻ ഉണരുന്നതെവിടെ?
   (എ) കൊച്ചുപക്ഷിക്കും ചിലന്തിവലയ്ക്കും പിന്നിൽ ✓ (ബി) കാട്ടുകോഴിക്കു പിറകിൽ
   (സി) പൂമ്പാറ്റകൾക്കും വണ്ടുകൾക്കുമൊപ്പം
2. പ്രാർഥനാപൂർവം നിൽക്കുന്നതാര്?
   (എ) വെള്ളത്തിൽ മുങ്ങിപ്പോയ പുൽക്കൊടി (ബി) വർണപ്പൂക്കൾ വിരിയിച്ച ചെടികൾ
   (സി) നിഴലുകളിൽ നിൽക്കുന്ന പുൽനാമ്പുകൾ ✓
3. ഉത്സവം കൊഴുക്കുന്നതെങ്ങനെ?
   (എ) പൂമ്പാറ്റകളും വണ്ടുകളും നൃത്തം ചെയ്തെത്തുമ്പോൾ
   (ബി) വർണപ്പൂക്കൾ വിരിയിച്ച ചെടികളാൽ
   (സി) പക്ഷികളുടെ സമ്പന്നത കൊണ്ടും സംഗീതക്കച്ചേരി കൊണ്ടും ✓

4. ഉത്സവഭൂമിയിലേക്ക് നൃത്തം ചെയ്തെത്തുന്നതാര് ?

(എ) പൂമ്പാറ്റകളും വണ്ടുകളും (ബി) കൊച്ചുപക്ഷി (സി) മഴത്തുള്ളികൾ

5. ഗദ്യഭാഗത്തിൽ 'വള്ളി' എന്നതിനു പകരം ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

(എ) വർണം (ബി) ലത (സി) രശ്മി

**പ്രവർത്തനം 2 - ഡയറിക്കുറിപ്പ്**

(എ) 'കച്ചേരി അവസാനിച്ചയുടൻ കടലിരമ്പം പോലെ കരഘോഷം ഉയർന്നു പൊങ്ങി. പ്രതിമപോലെ അവൻ നിശ്ചലനായി. ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് ഓടിവന്ന് മഹാപ്രഭു അവനെ വാരി യെടുത്ത് ചുംബിച്ചു.'

**ഈ ദിവസം ജീൻ ക്രിസ്റ്റഫ് എഴുതാൻ ഇടയുള്ള ഡയറി എഴുതു.**

(ബി)യൂറോപ്പിന്റെ ഇതിഹാസം എന്നറിയപ്പെടുന്ന കൃതി ഏത്?

(i) സെന്റ് ലൂയിസ് (ii) ദ ഇന്റീരിയർ വൊയേജ് (iii) ജീൻ ക്രിസ്റ്റഫ്

**പ്രവർത്തനം 3 - താരതമ്യക്കുറിപ്പ്**

ചുക്കും ജീരകമിടചേർത്തങ്ങു
കുറുക്കിയ മോരും കോരി വിളമ്പി
തൽക്ഷണമനവധി വിപ്രന്മാരുടെ
ഭക്ഷണഘോഷമിതെത്ര വിചിത്രം !
കൊണ്ടുവാ പപ്പടമെന്നൊരു വിപ്രൻ
കൊണ്ടുവാ പഴമെന്നങ്ങൊരു വിപ്രൻ
ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽ പോടണമെന്നൊരു വിപ്രൻ
ചെണ്ടമുറിക്കു സമാനമതാക്കി-
കണ്ടിച്ചീടിന നേന്ത്രപ്പഴമതു
കണ്ടംകണ്ടമെനിക്കു വിളമ്പുകി-
ലുണ്ടൊരു കൗതുകമെന്നൊരു വിപ്രൻ

| | |
|---|---|
| വിപ്രൻ | - ബ്രാഹ്മണൻ |
| കിഞ്ചിൽ | - ഭംഗിയായി |

**പാത്രചരിതം ഓട്ടൻതുള്ളൽ- കുഞ്ചൻ നമ്പ്യാർ**

**ഓട്ടൻതുള്ളലിലെ ഈ വരികളെയും കുഞ്ഞൻ മേനോന്റെ ഭക്ഷണപ്രിയത്വം പറയുന്ന 'പ്രാതൽ' എന്ന കഥയെയും താരതമ്യം ചെയ്ത് കുറിപ്പു** തയാറാക്കുക.

**പ്രവർത്തനം 4 - കഥാപാത്രനിരൂപണം**

"ചന്ദ്രേട്ടൻ പോയപ്പഴാ ഒന്ന് ശ്വാസം നേരേ വീണത്. അയാൾ ശരിക്കും കള്ളനായിരുന്നോ?" എന്ന് ചോദിച്ച ജഗന്റെ ഭാര്യയായ രേഖ **'അടയ്ക്ക പെറുക്കുന്നവർ'** എന്ന കഥയിലെ ഒരു കഥാപാത്ര മാണ് . രേഖ എന്ന **കഥാപാത്രത്തെ നിരൂപണം ചെയ്ത് ഒരു കുറിപ്പു** തയാറാക്കു.

**പ്രവർത്തനം 5 - വാങ്മയചിത്രം**

(എ)'ദൂരെ ചിത്രപ്പണികളുള്ള വാതിൽ തുറന്ന് പത്നിയാലും പരിചാരകരാലും പരിസേവിതനായി നടന്നു വരുന്നു സാക്ഷാൽ ശിവാജി ഗണേശൻ . വെളുത്ത ഖദർ ഷർട്ടും മുണ്ടും, നെറ്റിയിൽ ഭസ്മക്കുറി. നരവീണ മുടിയും താടിയും. കഴുത്തിൽ സ്വർണം കെട്ടിയ രുദ്രാക്ഷമാല.'

ബാലചന്ദ്രൻ ചുള്ളിക്കാട് തയാറാക്കിയ ശിവാജി ഗണേശന്റെ ഒരു വാങ്മയചിത്രമാണിത്. **നിങ്ങൾക്കിഷ്ടപ്പെട്ട ഒരു വ്യക്തിയുടെ വാങ്മയചിത്രം എഴുതു.**

മാതൃക പോലെ എഴുതുക

(ബി) പത്രം - ഇല

വർത്തമാനപത്രം

വർഷം - ആല്പവർഷം

..........................................

## പ്രവർത്തനം 6 - അഭിപ്രായക്കുറിപ്പ്

ദക്ഷിണാഫ്രിക്കയിൽ വർണവിവേചനം കൊടികുത്തിവാഴുന്ന കാലം. കറുത്തവനെന്നും വെളുത്തവനെന്നുമുള്ള വേർതിരിവുകൾ എങ്ങും പ്രകടമായിരുന്നു . ഒരു ദിവസം മുടിവെട്ടുന്നതിനായി ഗാന്ധിജി ഒരു ബാർബർ ഷോപ്പിൽ കയറി. ഒരു വെള്ളക്കാരനാണ് കട നടത്തുന്നത് . ഗാന്ധിജിയെ കണ്ട പാടെ അയാൾ തന്റെ അനിഷ്ടം പ്രകടിപ്പിച്ചു തുടങ്ങി.

'ഇവിടെ വെള്ളക്കാരുടെ മുടി മാത്രമേ വെട്ടൂ. നിങ്ങൾ കടയിൽ നിന്നിറങ്ങണം.' അയാൾ ഗാന്ധിജിയെ അപ്പോൾ തന്നെ കടയിൽ നിന്നിറക്കി വിട്ടു.

തൊലിയുടെ നിറത്തിന്റെ പേരിലുള്ള ഈ അപമാനം ഗാന്ധിജിക്ക് സഹിക്കാനാവുമായിരുന്നില്ല. തന്റെ മുടി വെട്ടാനായി ഇനി ഒരാളെയും ആശ്രയിക്കേണ്ടതില്ലെന്ന് അദ്ദേഹം ദൃഢനിശ്ചയം ചെയ്തു.

ഗാന്ധിജി ഒരു കത്രികയും ചീപ്പും വാങ്ങി സ്വയം മുടി വെട്ടാൻ തുടങ്ങി. മുൻ വശത്തെ മുടി വെട്ടുന്നതു പോലെ അത്ര എളുപ്പമായിരുന്നില്ല പിന്നിലത്തെ കാര്യം. ഒരു ബാർബർ പോലും സ്വന്തം മുടി വെട്ടിയാൽ ഒട്ടും വൃത്തിയാകില്ല. അപ്പോൾപ്പിന്നെ ഗാന്ധിജിയുടെ കാര്യം പറയാനുണ്ടോ. അദ്ദേഹം ആദ്യമായാണ് ഇത് ചെയ്യുന്നത്. അതും സ്വന്തം തലയിൽ.

കത്രികപ്പാടുകൾ നിറഞ്ഞ അദ്ദേഹത്തിന്റെ തല കണ്ട് പലരും പരിഹസിച്ചെങ്കിലും വെള്ളക്കാരുടെ വർണവെറിയോടുള്ള കടുത്ത പ്രതിഷേധമായി മുടി വീണ്ടും മുറ്റിത്തഴയ്ക്കും വരെ ആ കത്രികപ്പാടുകൾ ഗാന്ധിജിയുടെ തലയിൽത്തന്നെയുണ്ടായിരുന്നു.

- (സിപ്പി പള്ളിപ്പുറം)

മാർട്ടിൻ ലൂഥർകിങ്ങിന്റെ സ്വപ്നവും ഗാന്ധിജിയുടെ അനുഭവവും നിങ്ങളുടെ മനസിൽ ഉണർത്തിയ ചിന്തകളെ ഒരു കുറിപ്പായി എഴുതു.